**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5446** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഫംഗ്ഷണൽ അസ്സസ്‌മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെൻറ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി വിഭാഗക്കാർക്കുള്ള നിയമനങ്ങളിൽ ഫംഗ്ഷണൽ അസ്സസ്‌മെന്റ് നടത്തി യോഗ്യത നിർണ്ണയിക്കുന്നത് മൂലം കൂടുതൽ വൈകല്യമുള്ളവർ പ്രത്യേകിച്ച് കാഴ്ചവൈകല്യമുള്ളവർ ഭൂരിഭാഗം തസ്തികകളിലെ നിയമനത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഭിന്നശേഷി വിഭാഗക്കാർക്കുള്ള നിയമനങ്ങളിൽ ഫംഗ്ഷണൽ അസ്സസ്സ്മെന്റ് നടത്തി യോഗ്യത നിർണ്ണയിക്കുന്നതുമൂലം കൂടുതൽ വൈകല്യമുള്ളവർ ഭൂരിഭാഗം തസ്തികകളിലെ നിയമനത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാവാനിടയില്ല. കേന്ദ്ര സർക്കാർ 04.01.2021 ൽ പുറപ്പെടുവിച്ചിട്ടുള്ള 38-16/82020-DD III നമ്പർ നോട്ടിഫിക്കേഷനിൽ ക്രമ നം. 8-ൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണ പ്രകാരം നിയമനം നൽകുമ്പോൾ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ ആധികാരികതയുടേയും ഓരോ തസ്തികയിലെയും Functional Requirement-ന്റെയും അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥിയുടെ സ്യൂട്ടബിലിറ്റിയും പരിശോധിക്കുന്നത് ഉചിതമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.<br><br>1995ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരം 31 തസ്തികകളാണ് കാഴ്ച വൈകല്യമുള്ളവർക്ക് ഭിന്നശേഷി സംവരണത്തിന് അനുയോജ്യമായി കണ്ടെത്തിയിരുന്നത്. എന്നാൽ 28.10.2022ലെ G.O. (P) No.7/2022/SJD നമ്പർ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ 109 തസ്തികകൾ കാഴ്ച വൈകല്യമുള്ളവർക്ക് സംവരത്തിന് അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. RPwD Act 2016, വകുപ്പ് 33 പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റി സാമൂഹ്യനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യനീതി ഡയറക്ടർ ചെയർപേഴ്സണായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 2 കമ്മിറ്റികളിലും എല്ലാ ഭിന്നശേഷിമേഖലയിൽ നിന്നുള്ള വിദഗ്ധർ ഉൾപ്പെട്ടിരിക്കുന്നു. കൂടാതെ എക്സ്പെർട്ട് കമ്മിറ്റിയിൽ |

| | | | |
|---|---|---|---|
| | | | ഭിന്നശേഷി മേഖലയിലെ പ്രമുഖ സംഘടനകളുടെ പ്രാതിനിധ്യവുമുണ്ട്. എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം സ്വരൂപിച്ച് NISH തയ്യാറാക്കുന്ന functionality മോണിട്ടറിംഗ് കമ്മിറ്റി പരിശോധിച്ച ശേഷം, പൊതുജനങ്ങളുടെയും, സംഘടനകളുടെയും, ബന്ധപ്പെട്ട വകുപ്പുകളുടെയും അഭിപ്രായത്തിനായി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് അപ്രകാരം സ്വരൂപിക്കുന്ന അഭിപ്രായങ്ങൾ വീണ്ടുംമോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച ശേഷമാണ് കരട് ശിപാർശകൾ എക്സ്പെർട്ട് കമ്മിറ്റിയുടെ പരിഗമനയ്ക്കായി സമർപ്പിക്കുന്നത്. വിശദമായ ചർച്ചകൾക്കും പരിശോധനയ്ക്കും ശേഷം മാത്രമാണ് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്. |
| (ബി) | ഇത്തരത്തിലുള്ള വേർതിരിവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന്; വ്യക്തമാക്കുമോ? | (ബി) | ഏതെങ്കിലും വിഭാഗം ഭിന്നശേഷിക്കാരെയോ കാഴ്ച വൈകല്യമുള്ളവരെയോ ഭിന്നശേഷി സംവരണത്തിൽ നിന്നും ഒഴിവാക്കുന്ന തരത്തിലുള്ള വേർതിരിവ് ഇല്ല. എല്ലാ ഭിന്നശേഷി മേഖലയിൽ നിന്നുള്ള വിദഗ്ധരുടെയും, വിവിധ വകുപ്പുകളുടെയും എക്സ്പെർട്ട് കമ്മിറ്റിയിലുള്ള ഭിന്നശേഷി മേഖലയിലെ പ്രമുഖ സംഘടനകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം സ്വരൂപിച്ച ശേഷമാണ് എക്സ്പെർട്ട് കമ്മിറ്റി ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്.<br><br>സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഒരു തരത്തിലുള്ള വേർതിരുവുകളോ കാഴ്ച വൈകല്യമുള്ളവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരെ പ്രത്യേകമായി സംവരണത്തിൽ നിന്നും ഒഴിവാക്കുന്ന തരത്തിലുള്ള നടപടികളോ ഇല്ല. മറിച്ച്, തസ്തികകളുടെ സ്വഭാവമനുസരിച്ച് പരമാവധി ഭിന്നശേഷിക്കാർക്ക് സംവരണം ഉറപ്പ് വരുത്തുന്ന തരത്തിലാണ് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തകകൾ കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ